**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1394 20.01.2014 - ൽ മറുപടിക്ക്**

## സെൻട്രൽ റോഡ് ഫണ്ട് വിനിയോഗം

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ; | (എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് ലഭ്യമാകുന്നത് കേരളത്തിൽ വിൽക്കുന്ന പെട്രോളിന്റേയും, ഡീസലിന്റേയും സെസ്സ് കണക്കാക്കിയാണ്. അംഗീകാരം ലഭിച്ച പദ്ധതികൾ പുരോഗമിക്കുന്നതനുസരിച്ച് ചെലവായ തുക കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിക്കുകയും, സംസ്ഥാന സർക്കാർ കരാറുകാരന് തുക നൽകുകയും ചെയ്യുന്നു. ഈ തുക കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര വിഹിതമായി സംസ്ഥാന സർക്കാരിന് തിരികെ ലഭിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും എന്തു തുകയാണ് സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിനായി ലഭിച്ചിട്ടുള്ളത്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും 195.26 കോടി രൂപയാണ് സംസ്ഥാന റോഡുകളുടെ നവീകരണത്തിനായി ലഭിച്ചിട്ടുള്ളത്. |

(സി) ജില്ല തിരിച്ചുള്ള പ്രസ്തുത തുകയുടെ വിവരവും കൊല്ലം ജില്ലയിൽ പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

(സി) കേന്ദ്രത്തിൽ നിന്നും സംസ്ഥാന സർക്കാരിന് സെൻട്രൽ റോഡ് ഫണ്ട് പദ്ധതികൾക്ക് തുക അനുവദിക്കുന്നത് ജില്ല തിരിച്ചല്ല. ആയത് കേരളത്തിനുള്ള തുകയായിട്ടാണ് ലഭ്യമാക്കുന്നത്. ഓരോ പദ്ധതികൾക്കുമുള്ള ബില്ലുകൾ സമർപ്പിക്കുന്നതനുസരിച്ച് കരാറുകാരന് തുക നൽകുകയാണ് ചെയ്യുന്നത്.

കൊല്ലം ജില്ലയിലെ ടി.എസ്. കനാലിന് കുറുകെ ഇരുമ്പു പാലത്തിനു സമാന്തരമായുള്ള പുതിയ പാലമാണ് സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ പണി നടന്നു വരുന്നത്. ഇതുവരെ ആറ് കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്.

Lalitha

സെക്ഷൻ ഓഫീസർ